LIBRARY ARCHIVES Kerala Legislative Assembly

ന്യായമായ വില നൽകി ആദ്യഘട്ടത്തിൽ സംഭരിക്കുന്നു. ഈ ഉൽപ്പന്നങ്ങൾ മൂല്യവർദ്ധന നടത്തി വനശ്രീ കേന്ദ്രങ്ങളിലൂടെ വില്പന നടത്തി ലഭിക്കുന്ന ലാഭത്തിന്റെ പങ്ക് ശേഖരണത്തിലേർപ്പെടുന്ന ആദിവാസികൾക്ക് നൽകുന്നു.

(സി) ശേഖരണം, മൂല്യവർദ്ധന, വിപണനം, വില നൽകൽ, ചെലവിനങ്ങൾ, വില്പന ഇക വരവ് വയ്ക്കൽ ഇവ വനവികാസ ഏജൻസികളുടെ നിയന്ത്രണത്തിൽ വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി സുതാര്യമായി നടന്നുവരുന്നു. കണക്കുകൾ ഓഡിറ്റ് ചെയ്യുന്നുണ്ട്.

(ഡി) വനശ്രീ ഉൽപ്പന്നങ്ങൾക്ക് അവയുടെ പരിശുദ്ധിയുടേയും ഗുണനിലവാരത്തിന്റേയും അടിസ്ഥാനത്തിൽ ഇവയുടെ ശേഖരണം, മൂല്യവർദ്ധന, വിപണന പ്രക്രിയയിൽ ഉൾപ്പെട്ടിട്ടുള്ള വനാശ്രിത സമൂഹത്തിന്റെ കൂട്ടായ്മയെ വനസംരക്ഷണ സമിതികൾ , ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയാണ് വില നിശ്ചയിക്കുന്നത്. ഈ ഉൽപ്പന്നങ്ങൾ ഈ മേഖലയിലെ മറ്റ് വിപണന സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങളിൽനിന്നും വ്യത്യസ്തമാണ്. അതിനാൽ ഇവയുടെ വില ഗുണമേന്മയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്.

വനഭൂമി കൈയ്യേറ്റം

290 (292) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളോ, സ്ഥാപനങ്ങളോ, തോട്ടമുടമകളോ ഇതിനകം എത്ര ഏക്കർ വനഭൂമി കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ വന്നതിനു ശേഷം എത്ര ഏക്കർ വനഭൂമി കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാകുമോ ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(സി) കയ്യേറിയ എത്ര ഏക്കർ വനഭൂമി ഇതിനകം തിരിച്ചു പിടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം എത്ര വനഭൂമി കയ്യേറ്റങ്ങൾ തിരിച്ചുപിടിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 15358.59 ഏക്കർ വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ജില്ല	കയ്യേറിയ വനഭൂമി (ഏക്കർ)
തിരുവനന്തപുരം	6.30
കൊല്ലം	125.77
പത്തനംതിട്ട	561.10
കോട്ടയം	49.34
ഇടുക്കി	5115.55
എറണാകുളം	311.62
തൃശ്ശൂർ	662.66
വയനാട്	3896.73
കണ്ണൂർ	9.67
പാലക്കാട്	2671.50
മലപ്പുറം	1634.63
കോഴിക്കോട്	260.35
കാസർഗോഡ്	53.37
ആകെ	15358.59

(ബി) ഈ സർക്കാർ വന്നതിനുശേഷം 2382.27 ഏക്കർ വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട് :

ജില്ല	കയ്യേറിയ വനഭൂമി (ഏക്കർ)
തിരുവനന്തപുരം	0.25
ഇടുക്കി	3.87
തൃശ്ശൂർ	16.30
വയനാട്	2145.72
കണ്ണൂർ	0.04
പാലക്കാട്	179.79
മലപ്പുറം	36.30
ആകെ	2382.27

LIBRARY ARCHIVES Kerala Legislative Assembly

(സി) കയ്യേറിയ 2521.08 ഏക്കർ വനഭൂമി ഇതിനകം തിരിച്ചുപിടിച്ചിട്ടുണ്ട്:

ജില്ല	തിരിച്ചുപിടിച്ച വനഭൂമി (ഏക്കർ)
തിരുവനന്തപുരം	0.63
പത്തനംതിട്ട	251.92
ഇടുക്കി	3.87
തൃശ്ശൂർ	16.30
വയനാട്	1952.48
കണ്ണൂർ	1.48
പാലക്കാട്	244.15
മലപ്പുറം	34.95
കോഴിക്കോട്	15.30
ആകെ	2521.08

(ഡി) ഈ സർക്കാർ വന്നതിനുശേഷം 1553.75 വനഭൂമി കയ്യേറ്റങ്ങൾ തിരിച്ചുപിടിച്ചിട്ടുണ്ട്:

ജില്ല	തിരിച്ചുപിടിച്ച വനഭൂമി (ഏക്കർ)
തിരുവനന്തപുരം	0.57
ഇടുക്കി	3.87
തൃശ്ശൂർ	16.30
വയനാട്	1474.54
കണ്ണൂർ	1.48
പാലക്കാട്	22.04
മലപ്പുറം	34.95
ആകെ	1553.75

LIBRARY ARCHIVES Kerala Legislative Assembly